Reg. No.: ..............................

Name : ..............................

M 7805

# I Semester B.A./B.Sc. Degree (CCSS – Regular) Examination, November 2014
## COMMON COURSE IN MALAYALAM
## 1A 07 MAL : സാഹിത്യഗണങ്ങൾ
## (2014 Admn.)

Time : 3 Hours Max. Marks : 40

I. **മുന്നൂറ്** വാക്കിൽ കവിയാതെ **നാലു**ചോദ്യങ്ങളിൽ **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക.

1) 'വിശ്വവിഖ്യാതമായ മൂക്ക്' എന്ന കഥ അവതരിപ്പിക്കുന്ന സാമൂഹിക വിമർശനമെന്ത് ? വിവരിക്കുക.

2) 'ശിഷ്യനും മകനും' എന്ന കൃതിയ്ക്ക് നിരൂപണം തയ്യാറാക്കുക.

3) ഉറൂബിന്റെ ആഖ്യാനവൈഭവത്തിന് മികച്ച ഉദാഹരണമാണ് 'വെളുത്ത കുട്ടി' – സമർത്ഥിക്കുക.

4) ഗുരു നിർവഹിച്ച ചരിത്രദൗത്യങ്ങളെക്കുറിച്ചുള്ള കെ. പി. അപ്പന്റെ നിരീക്ഷണങ്ങൾ സംഗ്രഹിച്ചെഴുതുക.

**(2×7=14)**

II. **നൂറ്റമ്പത്** വാക്കിൽ കവിയാതെ **ആറു**ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

5) കണിക്കൊന്നയുടെ ആത്മഗതം എന്തെല്ലാമാണ് ?

6) ''എപ്പോഴെന്നറിഞ്ഞീലാ നിൻ പരമ്പരയ്ക്കുമേൽ
നിത്യവൈകല്യത്തിന്റെ ശാപമായ് പതിച്ചീടാം'' എന്ത് ? വിശദമാക്കുക.

7) ''അവൾതൻ മനോഹര ഗാനത്തിലുയരുമ്പോ –
'ലെവറെസ്റ്റി'ലും മീതെയെത്തുന്നു ഞങ്ങൾ സത്യം'' സന്ദർഭം ഏത് ? വിശദമാക്കുക.

8) ''കണ്ണടച്ചെന്നാൽ കരളിന്നകത്തൊരു
പൊന്നും ചിലമ്പു കിലുക്കും കുമാരിക'' വക്താവിന്റെ ഏത് ഭാവമാണ് ഈ വാക്കുകളിലുള്ളത് ? വ്യക്തമാക്കുക.

9) 'അങ്ങനെ ആ കലഹം രാജിയിലെത്തി' സംഭവമെന്ത് ?

10) വായനയെക്കുറിച്ച് കെ. പി. കേശവമേനോൻ നടത്തുന്ന നിരീക്ഷണങ്ങളെന്ത് ?

**(4×3=12)**

P.T.O.

III. **നൂറ്** വാക്കിൽ കവിയാതെ **ആറു**ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) 'അല്പനേരത്തെ ശ്വാസം മുട്ടലിനുശേഷം സ: ആയിരംകുളത്തിൽ ഗോവിന്ദന് എല്ലാം മനസ്സിലായി' വിശദമാക്കുക.

12) ഹാസ്യം ജനിക്കുന്നതെങ്ങനെ ?

13) 'അസ്ഥികൂടത്തിന്റെ ചിരി'യിലെ പരിഹാസവിഷയമെന്ത് ?

14) 'പന്തിഭോജനം' എന്ന കഥ അവതരിപ്പിക്കുന്ന സാമൂഹിക പ്രശ്നമെന്തെന്ന് വിശദമാക്കുക.

15) ''ദിവ്യായുധം വല്ലതുമുണ്ട് ബാക്കി –
യെന്നാലതും നൽകിയനുഗ്രഹിക്കാം'' ആരുടെ വാക്കുകൾ ? പൊരുളെന്ത് ?

16) ഗുരുവിലും ബുദ്ധനിലും കെ. പി. അപ്പൻ കാണുന്ന സമാനതകൾ എന്തെല്ലാം ?

**(4×2=8)**

IV. **ഒരു** വാക്കിലോ വാക്യത്തിലോ കവിയാതെ **ആറെണ്ണ**ത്തിന് ഉത്തരമെഴുതുക.

17) 'സർഗ്ഗസംഗീതം' ആരുടെ കവിതയാണ് ?

18) പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി ഒരു ദിവസത്തിലെ എത്ര മണിക്കൂർ മാറ്റിവയ്ക്കാനാണ് കെ. പി. കേശവമേനോൻ പറയുന്നത് ?

19) ''തച്ചന്റെ മകൾ'' എന്ന കവിത ആരെഴുതി ?

20) രണ്ടാം ലോകമഹായുദ്ധകാലത്ത് ബ്രിട്ടനിലെ പ്രധാനമന്ത്രി ആരായിരുന്നു ?

21) ഹിമാലയമാകുന്ന വെള്ളത്താമരയിലെ കർണ്ണിക എന്താണ് ?

22) 'രാവണപുത്രി' എന്ന കവിതയ്ക്ക് ഏത് രാമായണത്തോടാണ് കടപ്പാട് ?

23) 'വേറുള്ളതെല്ലാം തിളക്കുന്ന വർണ്ണം' ഏത് വർണ്ണം ?

24) ലളിതാംബിക അന്തർജനത്തിന് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതി ഏത് ?

**(6×1=6)**

---